# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽകരണം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 931** | **04.03.2020-ൽ മറുപടിയ്ക്ക്**

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.പി.ജെ.ജോസഫ്**
**ശ്രീ.സി.എഫ്.തോമസ്**

**ഉത്തരം**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പമന്ത്രി**

| | |
|---|---|
| **എ)** ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം, ക്യാമറ സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | **എ)** ഇ.ആർ.പി സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിനുള്ള കരാർ E-Connect Solutions Pvt.Ltd., Rajasthan എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ഇതിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും കേരള സർക്കാരിന്റെ CPRCS വഴി വാങ്ങുകയും ബാക്കിയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഉടമ്പടി ടെണ്ടർ വഴി കരസ്ഥമാക്കിയ ഏജൻസിയ്ക്ക് നൽകിയിട്ടുമുണ്ട്. 2020 ജൂൺമാസത്തോട്ടുകൂടി കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സി.സി.ടി.വി. സംവിധാനം നിലവിൽ 190 ചില്ലറ വിൽപ്പനശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം 2020 ജൂൺമാസത്തോട്ടുകൂടി ബാക്കിയുള്ള 80 ചില്ലറ വിൽപ്പന ശാലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **ബി)** ഔട്ട് ലെറ്റുകളിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിവരിക്കാമോ; വിജിലൻസ് സംവിധാനം ഔട്ട് ലെറ്റുകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വിശദീകരിക്കാമോ; | **ബി) യും സി) യും** ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സിയ്ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡിയ്ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സിയുടെ എല്ലാ പ്രവർത്തി ക്രമങ്ങളും, നയങ്ങളും കൃത്യമായി പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ ആഡിറ്റ് |

| | |
|---|---|
| സി) ഒരേ കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽപ്പന നടത്തുന്നതും ജനപ്രിയ ബ്രാൻഡുകൾ പൂഴ്ത്തി വയ്ക്കുന്നതും ഇതിനുവേണ്ടി കമ്മീഷൻ പറ്റുന്നവരെയും പണം തിരിമറി നടത്തുന്നവരെയും കണ്ടെത്തി ശിക്ഷിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | വകുപ്പ് പരിശോധിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സിയുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തുകയും വിവിധ എഫ്.എൽ.1 ചില്ലറ വില്പനശാലകളിൽ സ്റ്റോക്കിൽ 6.21 കോടിരൂപയുടെ കുറവ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മദ്യത്തിന് അധികവില ഈടാക്കുക, ചില മദ്യയിനങ്ങൾ പൂഴ്ത്തിവയ്ക്കുക, ചില മദ്യയിനങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരിൽ നിന്നും പിഴ ഈടാക്കുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വിജിലൻസ് വകുപ്പും വിവിധ ഔട്ട് ലെറ്റുകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നടപടികൾ സ്വീകരിച്ചു വരുന്നു. |

Santhosh

**സെക്ഷൻ ഓഫീസർ**